## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2574** **17/06/2019-ൽ മറുപടിയ്ക്ക്**

**പട്ടികവർഗക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന വികസനപദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ സ്വയം തൊഴിൽ മേഖലയിലോ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ട പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അവ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളായ പോലീസ്, എക്സൈസ്, വനം എന്നിവയിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിച്ചിട്ടുണ്ട്. മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.<br>സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.<br>എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് താല്ക്കാലിക നിയമനവും നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി മേഖലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ് വെയർ / സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങളിൽ ഏതൊക്കെ വകുപ്പുകളും സന്നദ്ധ സംഘടനകളുമാണ് ക്ഷേമ വകുപ്പുമായി സഹകരി ക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇവർ ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളും മറ്റ് സന്നദ്ധ സംഘടനകളും സഹകരിച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷിവകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുസ്ഥിരമായ വരുമാന ദായക സാധ്യതകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ച് 15 കോടി രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വികസനത്തിനായുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>റൂറൽ ഡെവലപ്പ്മെന്റ് വകുപ്പ് മുഖേന പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>എം.ജി.എൻ.ആർ.ജി.എ സ്റ്റേറ്റ് മിഷൻ മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പാക്കി വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ ശിശുക്കളുടെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് മുഖേന ഗോത്ര ജീവിക പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കേരള അക്കാഡമിക് ഫോർ സ്കിൽ എക്സലൻസിന്റെ അംഗീകാരത്തോടെ ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ചുകൊണ്ട് സാധ്യതകൾ നിലനിൽക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകി നൈപുണ്യ വികസന പരിശീലനം നൽകി വരുന്നു. |
| **(സി)** | വനത്തിനുള്ളിൽ മാത്രം ജീവിക്കുന്ന പട്ടികവർഗ വിഭാഗങ്ങൾ ഏതൊക്കെ; അവരുടെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പു വരുത്തുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പി ലാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(സി)** | പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ ഇക്കണോമിക് സർവ്വെ പ്രകാരം അരനാടൻ (അരണ്ടൻ), ഹിൽപുലയ, മഹാമലസർ, മുതുവാൻ, കുറുമ്പൻ, ചോലനായ്ക്കൻ എന്നീ പട്ടികവർഗ്ഗ വിഭാഗങ്ങൾ 80%ത്തിൽ അധികം വനത്തിനുള്ളിൽ താമസിക്കുന്നവരാണ്. അവരുടെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസും ആരോഗ്യവും ഉറപ്പു വരുത്തുന്നതിന് പ്രത്യേകമായി പദ്ധതികൾ ഒന്നും നടപ്പാക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ ആരോഗ്യ വിദ്യാഭ്യാസ പരിപാടിയുടെ ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് നൽകുന്നു. 2019-20 വർഷത്തിൽ ഈ വിഭാഗങ്ങളുടെ വികസന പദ്ധതി നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ